**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3951** 19-03-2018 -ൽ മറുപടിക്ക്

**മലപ്പുറം ജില്ലയ്ക്ക് അനുവദിച്ച വരൾച്ചാ ദുരിതാശ്വാസ ഫണ്ട്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എ.പി. അനിൽ കുമാർ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഈ സർക്കാർ മലപ്പുറം ജില്ലക്ക് വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ട്; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വരൾച്ചയുമായി ബന്ധപ്പെട്ട് 2016-17 കാലയളവിൽ "2245-01-102-99-കുടിവെള്ള വിതരണം" എന്ന ശീർഷകത്തിൽ നിന്ന് 3,82,00,000/- രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 3,00,00,000/- കോടി രൂപയും, 2016-17 കാലയളവിൽ "2245-01-101-99- കൃഷി നാശം" എന്ന ശീർഷകത്തിൽ നിന്ന് 2,17,50,000/- രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 13,18,734/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| ബി) | എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; അംഗീകാരം നൽകിയ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; | ബി) | വരൾച്ചയുമായി ബന്ധപ്പെട്ട് പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടില്ല. |
| സി) | ഈ സർക്കാർ കാലയളവിലെ സാമ്പത്തിക വർഷങ്ങളിൽ ജില്ലയ്ക്ക് അനുവദിച്ച തുക വിനിയോഗിക്കാതെ സർക്കാരിലേയ്ക്ക് തിരികെ നല്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | സി) | 2016-17 സാമ്പത്തിക വർഷത്തിൽ 2,37,10,000/- രൂപ തിരികെ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ